# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 3228** — **03.04. 2013 -ൽ മറുപടിയ്ക്ക്**

## മഴവെള്ള സംഭരണി

**ചോദ്യം**

**ശ്രീ. കെ. രാജു**

**ഉത്തരം**

**ഡോ. എം. കെ. മുനീർ**
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി**

(എ) പുതുതായി നിർമ്മിക്കുന്ന വീടുകളിൽ മഴവെള്ളസംഭരണി നിർബന്ധമാക്കിയുള്ള ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ ; സംഭരണിയുടെ വലിപ്പത്തിനു പരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(എ) കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XVI പ്രകാരം മൊത്തം ഫ്ലോർ ഏരിയ 150 ച. മീറ്ററും പ്ലോട്ട് ഏരിയ 320 ച. മീറ്ററും വരെയുള്ള വാസഗൃഹ ഓക്യുപൻസിയിൽപ്പെടുന്ന പുതിയ കെട്ടിട നിർമ്മാണങ്ങൾക്ക് മഴവെള്ള സംഭരണ സംവിധാനം നിഷ്കർഷിച്ചിട്ടുണ്ട് (ചട്ടം 101, 102). സംഭരണിയുടെ അളവ്/വ്യാപ്തി ഏറ്റവും കുറഞ്ഞത് എത്രയായിരിക്കണമെന്ന് കണക്കാക്കുന്നതിനുള്ള നിരക്കും പ്രസ്തുത അദ്ധ്യായത്തിലെ ചട്ടം 102 (3) -ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) പുതിയ കെട്ടിടങ്ങൾക്കൊപ്പം പഴയ കെട്ടിടങ്ങളിൽക്കൂടി മഴവെള്ളസംഭരണി, റീചാർജ്ജബിൾ കിണർ എന്നിവ നിർമ്മിക്കുന്നതിനുള്ള നിയമവ്യവസ്ഥ കൊണ്ടുവരുമോ ;

(ബി) ഫ്ലാറ്റുകളും 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുകളും നിർമ്മിക്കുമ്പോൾ നിശ്ചിത കപ്പാസിറ്റിയിലുള്ള മഴവെള്ള സംഭരണി നിർബന്ധമാക്കിക്കൊണ്ട് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള ഫ്ലാറ്റുകൾക്കും വീടുകൾക്കും കെട്ടിടങ്ങൾക്കും കൂടി ഇത് ബാധകമാക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

(സി) ആയതിനുള്ള സാമ്പത്തിക സഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകുവാൻ നടപടി സ്വീകരിക്കുമോ ?

(സി) തൽക്കാലം പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ